ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ പഴവങ്ങാടി, വെച്ചൂച്ചിറ, ചിറ്റാർ, സീതത്തോട്, വടശ്ശേരിക്കര, നാറാണമൂഴി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. റാന്നി, അങ്ങാടി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിലില്ല.

(ബി ആന്റ് സി) അങ്ങാടി, പഴവങ്ങാടി എന്നീ പഞ്ചായത്ത് ആസ്ഥാനങ്ങൾ തമ്മിൽ അര കിലോമീറ്റർ ദൂരം മാത്രമേയുള്ളൂ എന്നതിനാലാണ് മാവേലി സ്റ്റോർ തുടങ്ങാതിരുന്നത്. അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമല്ലാത്തതാണ് മാവേലി സ്റ്റോർ അനുവദിക്കാത്തതിന് കാരണം.

(ഡി) കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പഞ്ചായത്തധികൃതർ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ലാഭം മാർക്കറ്റുകളുടെ പ്രവർത്തനം

70 [388] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ലാഭം മാർക്കറ്റുകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തു ലാഭമുണ്ടാക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(ബി) ലാഭം മാർക്കറ്റുകൾ ഇപ്പോൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് എന്നും പുതുതായി എവിടെയൊക്കെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) മാവേലി സ്റ്റോർ, നീതി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവയിൽ ഏതിന്റേതാണ് മെച്ചപ്പെട്ട പ്രവർത്തനം എന്ന് വിശദമാക്കാമോ;

(ഡി) ഏറ്റവും കൂടുതൽ ഉപഭോക്താവിനെ ആകർഷിക്കുന്ന സ്ഥാപനം ഇതിൽ ഏതാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലാഭം മാർക്കറ്റുകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷന് പ്രതി മാസം ശരാശരി 13,22,000 രൂപയോളം ലാഭം ലഭിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ലാഭം മാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.† കോർപ്പറേഷന്റെ നിശ്ചിത മാന ദണ്ഡങ്ങൾക്ക് അനുസൃതമായി കൂടുതൽ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള ലക്ഷ്യമിട്ടിട്ടുണ്ട്.

(സി ആന്റ് ഡി) മാവേലി സാധനങ്ങൾ പായ്ക്കറ്റുകളിലാക്കി സ്വയം തെരഞ്ഞെടുക്കുവാനുള്ള സൗകര്യം, ആകർഷണീയമായ രീതിയിലുള്ള പ്രദർശനം, കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് സൗകര്യം, തുടങ്ങിയവയും വിൽപ്പനയിലുള്ള വർദ്ധനവും കണക്കിലെടുക്കുമ്പോൾ ലാഭം മാർക്കറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതായും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതായും കാണപ്പെടുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡം

71 [389] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേഷൻ ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ വാങ്ങി സംഭരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷൻ സംഭരിച്ച സാധനങ്ങൾ അതാത് മേഖലാ ഓഫീസുകൾ ആവശ്യപ്പെടുന്നതനുസരിച്ചാണോ വിതരണം ചെയ്യുന്നത്;

(ഡി) 2004 ജൂലായിൽ പൊതുവിപണിയിൽ മുളകിന് കിലോയ്ക്ക് 32 രൂപ ഉണ്ടായിരുന്നപ്പോൾ കിലോയ്ക്ക് 41.72 രൂപ പ്രകാരം 144.5 ടൺ മുളക് വാങ്ങിക്കൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്രകാരം വാങ്ങിക്കൂട്ടിയ മുളക് മേഖലാ ആഫീസുകൾ ആവശ്യപ്പെടാതെതന്നെ ടൺ കണക്കിന് വിതരണം ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly